# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഉള്ള ജില്ലാതല കമ്മിറ്റിയുടെ ഘടനയിൽ ഭേദഗതി വരുത്തി

---

**തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്**

ജി.ഒ(എം.എസ്) നം.105/2008/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി : 03.04.2008

---

പരാമർശം : 1. 01.06.2007–ലെ സർക്കുലർ നമ്പർ.23235/ഐ.ബി2/2007/തസ്വഭവ

2 ജി.ഒ.(എം.എസ്) നം.240/07/തസ്വഭവ നമ്പർ തീയതി 17.10.2007

3 മലപ്പുറം ജില്ലാതല കമ്മിറ്റിക്ക് വേണ്ടി ചെയർപേഴ്സൺ/ജില്ലാ കളക്ടർ സമർപ്പിച്ച 15.12.2007–ലെ ഡി 5–5898/2007 നംപർ കത്ത്.

4 മലപ്പുറം പഞ്ചായത്ത് ഡെ.ഡയറ്കറുടെ 14.01.2008–ലെ ഡി5 5898/07 നംപർ കത്ത്.

5 ഐ.കെ.എം എക്സിക്യൂട്ടീവ് ചെയർമാന്റെ 11.02.2008 ലെ ഐ.കെ.എം./ജി.പി/ 1452/05 നംപർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത കമ്മിറ്റിയിൽ വിവിധ പ്രദേശങ്ങളിലെ പ്രത്യേകത അനുസരിച്ച് എർത്തിംഗും മറ്റ് ഇലക്ട്രിക്കൽ ജോലികളും നടത്തുന്നതിനെക്കുറിച്ചും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമായി എക്സി. എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ) യെ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് യഥാസമയം സൂചന 2–3 കത്തുകളിൽ മലപ്പുറം ജില്ലാ കളക്ടറും പഞ്ചായത്ത് ഡെ.ഡയറ്ടറും ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 17.10.2007–ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ജില്ലാതല കമ്മിറ്റിയിൽ എക്സി.എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ), ബന്ധപ്പെട്ട എഞ്ചിനീയറിംഗ് കോളേജ്/പോളിടെക്നിക്കിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വകുപ്പിലെ പ്രൊഫസർ/സീനിയർ ലക്ചർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഉത്തരവ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇലക്ട്രിക്കൽ, എർത്തിംഗ് ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ) വിംഗിന്റെ സാങ്കേതിക സഹായവും എസ്റ്റിമേറ്റും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിലവിലുള്ള

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, പൂർത്തീകരിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ബ്ലോക്ക് തലത്തിലുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിൽ അംഗമായിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീയർ (ഇലക്ട്രിസിറ്റി ബോർഡ്/പി.ഡബ്ല്യൂ.ഡി) മാരെ ചുമതലപ്പെടുത്തിയും ഉത്തരവ് വരുത്തിയിരിക്കുന്നു.

സൂചനയിലെ സ.ഉ. മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സി.രാധാകൃഷ്ണൻ**
**ജോയിന്റ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, പട്ടം, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-
തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ വകുപ്പിന്.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**